(ബി) എൻ.സി.ഡി.സി. അംഗീകാരത്തോടെ നടപ്പാക്കുന്ന പദ്ധതി അനുസരിച്ച് വലകൾ നൽകുന്നതിന് സബ്സിഡി ഉണ്ട്. ഓരോ കൊല്ലവും ചെലവായ തുകയും സബ്സിഡിയും താഴെകാണും പ്രകാരമാണ്.

വർഷം	തുക ലക്ഷത്തിൽ	സബ്സിഡി രൂപ ലക്ഷത്തിൽ
1990-91	63·08	15·77
1991-92	94·13	23·53
1992-93	252·04	63·01
1993-94	66·07	16·52
1994-95	72·35	18·09
1995-96	75·37	18·84
ആകെ	623·04	155·76

ഐസ് പ്ലാൻറുകൾ

65 [1658] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിലെ പ്രവർത്തനരഹിതമായ ഐസ് പ്ലാൻറുകൾ പ്രവർത്തനയോഗ്യമാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഐസ് പ്ലാൻറ് മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾക്ക് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) പ്രവർത്തനസജ്ജമാക്കുവാൻ കഴിയുന്ന ഐസ് പ്ലാൻറുകൾ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇല്ല.

മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ

66 [1660] ശ്രീ. ടി. വി. ചന്ദ്രമോഹനൻ:
,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സർവതോമുഖമായ പുരോഗതി ലാക്കാക്കിയുള്ള എന്തെല്ലാം കർമ്മപരിപാടികളാണ് ഈ സർക്കാർ ഇതിനകം നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തുകഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി മൊത്തം എന്തു തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വനിതാ മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള ആശ്വാസ സമ്പാദ്യപദ്ധതിയിൽ എത്രപേർ അംഗങ്ങളായുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക പൂർണ്ണമായും നല്കിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ എന്നുമുതലുള്ള കുടിശ്ശിക കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന നാലുതരം പ്രവർത്തനങ്ങളാണ് മത്സ്യത്തൊഴിലാളികളുടെ സർവതോമുഖമായ പുരോഗതി ലാക്കാക്കി ഈ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(1) മെച്ചപ്പെട്ട ഉത്പാദനം ലാക്കാക്കിയുള്ള പ്രവർത്തനങ്ങൾ. ഇതിൽ സംയോജിത മത്സ്യവികസനപദ്ധതി, മത്സ്യകൃഷി വികസനം, മോട്ടോറൈസേഷൻ എന്നിവ ഉൾപ്പെടുന്നു.

(2) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുതകുന്ന പ്രവർത്തനങ്ങൾ. ഇതിൽ ഹാർബറുകൾ, ലാൻറിംഗ് സെൻററുകൾ, ഹാച്ചറികൾ, റോഡുകൾ, മാർക്കറിംഗ് സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്നു.

(3) ക്ഷേമപ്രവർത്തനങ്ങൾ. ഇതിൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്വഴി നടപ്പിലാക്കുന്ന പെൻഷൻ ഉൾപ്പെടെയുള്ള പത്ത് വിവിധ ക്ഷേമപ്രവർത്തനങ്ങൾ, സമ്പാദ്യആശ്വാസപദ്ധതി, ഭവന നിർമ്മാണം, വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിതരണം എന്നിവ ഉൾപ്പെടുന്നു.

(4) മത്സ്യബന്ധന നിയന്ത്രണ നിയമങ്ങൾ നടപ്പിലാക്കൽ. ഇതിൽ പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും മത്സ്യവിഭവ സംരക്ഷണത്തിനുമായി കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം, ഉൾനാടൻ മത്സ്യബന്ധന നിയമങ്ങൾ, കേരള മത്സ്യത്തൊഴിലാളി ഫണ്ട് ബോർഡ് ആക്ട്, കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘ ആക്ട് എന്നിവ ഉൾപ്പെടുന്നു.

(ബി) (1) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (രണ്ട് വിധത്തിലുള്ളത്).

(2) അപകടംകൊണ്ടല്ലാതെ മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 15000 രൂപയുടെ സഹായം.

(3) പെൺമക്കളുടെ വിവാഹത്തിന് 1500 രൂപയുടെ സഹായം.

(4) ആശ്രിതരുടെ മരണാനന്തര ചെലവ് (300 രൂപ).

(5) പ്രതിമാസം 85 രൂപ മത്സ്യത്തൊഴിലാളി പെൻഷൻ.

LIBRARY ARCHIVES Kerala Legislative Assembly

(6) താല്ക്കാലിക അവശതയ്ക്ക് 500 രൂപ ധനസഹായം.

(7) മത്സ്യത്തൊഴിലാളികളുടെ മരണാനന്തര ചെലവുകൾക്ക് 1000 രൂപയുടെ സഹായം.

(8) മത്സ്യത്തൊഴിലാളി വിദ്യാർത്ഥികളിൽ എസ്. എസ്. എൽ. സി.-ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്ക് അവാർഡുകളും സ്കൊളർഷിപ്പും.

(9) കുടുംബ സംവിധാന ശസ്ത്രക്രിയക്ക് 500 രൂപ സഹായം.

(10) രോഗചികിൽസാ പദ്ധതി.

(11) സമ്പാദ്യ ആശ്വാസ പദ്ധതി (പ്രതിവർഷം 1080 രൂപ).

(12) വിവിധ ഭവന നിർമ്മാണ പദ്ധതികൾ—എൻ.എഫ്. ഡബ്ല്യു.എഫ്. പദ്ധതിപ്രകാരം 35,000 രൂപ ഗ്രാന്റ്, എസ്.സി.പി./ടി.എസ്.പി. പദ്ധതി പ്രകാരം 15,000 രൂപ ഗ്രാന്റ്, ഹഡ്കോ പദ്ധതിപ്രകാരം 15,000 രൂപ സഹായം.

(13) വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിതരണം (പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അതേ നിരക്കിൽ)

(14) സാനിട്ടേഷൻ പദ്ധതി—ഹഡ്കോ പദ്ധതിപ്രകാരം സഹായം, പതിനഞ്ചിന പരിപാടി പ്രകാരം 2,500 രൂപ പൂർണ്ണ ഗ്രാന്റ് ഇവയാണ് പ്രധാനപ്പെട്ട ക്ഷേമപദ്ധതികൾ.

(സി) ഉദ്ദേശം 15 കോടി രൂപ.

(ഡി) വനിതാ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ ആശ്വാസ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) 1994 നവംബർ മാസം മുതൽ.

മൽസ്യത്തൊഴിലാളി ആശ്വാസ തൊഴിൽദാന പദ്ധതി

67 [1662] ശ്രീ. സി. കെ. സദാശിവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളി ആശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം 1996 ജനുവരി വരെ കേന്ദ്രത്തിൽനിന്നും എന്തു തുക ധനസഹായമായി ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വർഷങ്ങളിൽ തുക ലാപ്സായിട്ടുണ്ടോ; എങ്കിൽ എന്തു തുക വീതം എന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ വർഷവും എത്ര മൽസ്യത്തൊഴിലാളികൾക്ക് ധന സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly